സംഘത്തിനു് ഇനി വിഷമം കൂടാതെ കഴിച്ചുകൂട്ടാമെന്നുള്ള ഉറപ്പു നൽകിയതു കൊണ്ടും അതിൽ വേണ്ട നടപടികളും എടുക്കാൻ തീരുമാനിച്ചിരിക്കുന്നതുകൊണ്ടും ഇനി ഇക്കാര്യത്തിൽ ഒരു കുഴപ്പവും ഉണ്ടാകുന്നതല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അപ്പോൾ എല്ലാം തേഞ്ഞുമാഞ്ഞുപോയോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പോയി.

മി: സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Agritation by the Kerala Private College Teachers Association

മി: സ്പീക്കർ: അഖിലകേരള പ്രൈവറ്റു് കോളേജു് ടീച്ചേഴ്സു് അസോസിയേഷൻ ആരംഭിച്ചിട്ടുള്ള സത്യഗ്രഹമുലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു് സംസാരിക്കാം.

ശ്രീ. കെ. കരുണാകരൻ : ഞാൻ കൊടുത്തിട്ടുള്ള അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുകൂടി വിശദീകരണം കൊടുത്താൽ കൊള്ളാം.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, കൊല്ലം ഫാത്തിമാകോളേജിൽനിന്നും പിരിച്ചുവിട്ട അദ്ധ്യാപകന്മാരെ തിരിച്ചെടുക്കുന്നതിനും മറ്റു കോളേജുകളിലെ അദ്ധ്യാപകന്മാർക്കു് സുരക്ഷിതത്വം ലഭിക്കുന്നതിനും വേണ്ടി പ്രൈവറ്റുകോളേജു് അദ്ധ്യാപകന്മാർ ഒരു സമരം നടത്തിവരികയാണു്. ഈ പ്രശ്നത്തിൽ ഗവണ്മെൻറിന്റെ നയം ഞാൻ മുമ്പു വ്യക്തമാക്കിയതാണു്. അദ്ധ്യാപകന്മാർക്കു് സുരക്ഷിതത്വം നൽകുന്നതിൽ ഗവണ്മെൻറു വളരെ മുന്നോട്ടു പോകുകയും അതിലേക്കു് ഒരു നിയമനിർമ്മാണംതന്നെ നടത്തുകയും ചെയ്ത കാര്യം ഈ സഭ ഓർക്കുന്നുണ്ടാകും. ആ നിയമനിർമ്മാണത്തിൽ ചിലതു് ഭേദഗതി ചെയ്തിരിക്കുകയാണെന്നുള്ള വസ്തുതയും ഈ സഭയ്ക്കു് അറിയാവുന്നതാണു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോയെന്നു് നോക്കുകയും, കൂടിയാലോചനകൾ വഴി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യും. അതല്ല മറ്റേതെങ്കിലും വിധത്തിൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നു് ആരെങ്കിലും ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ അതു് സ്വീകരിക്കാനും ഗവണ്മെൻറു തയാറാണെന്നു് ഞാൻ ഈ സന്ദർഭത്തിൽ അറിയിച്ചുകൊള്ളുന്നു.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : വളരെ ഗുരുതരമായ സംവേവികാസങ്ങളിലേക്കു് വഴിതെളിക്കുന്ന ഒരു പ്രശ്നമാണിതു്, ആ നിലയ്ക്കു് മാനേജ്മെൻറുകളുടെ പ്രതിനിധികരളെയും മറ്റു ബന്ധപ്പെട്ട ആളുകളേയും വിളിച്ചുവരുത്തി ഇന്നതന്നെ ഈ പ്രശ്നത്തിനൊരു പരിഹാരം കാണാൻ ശ്രമിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അങ്ങനെ ചെയ്യാം.

മി: സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(iii) *Lathi Charge on the Students and a few of the Teachers in the Fathima Mata College*

മി: സ്പീക്കർ : കൊല്ലം ഫാത്തിമാ കോളേജിലെ ചില അദ്ധ്യാപകന്മാരുടെ നേരെയും വിദ്യാർത്ഥികളുടെ നേരെയും സ്റ്റേറിലെ മറ്റു പല ഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ നേരെയും പോലീസു് നടത്തിയ ലാത്തിച്ചാർജ്ജു് മൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly